# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3705          19.02.2013 ൽ മറുപടിക്ക്

**ആറന്മുള വിമാനത്താവളം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ആറന്മുള വിമാനത്താവളം നിർമ്മാണവുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത ഭൂമിയുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ ഇപ്പോൾ നിലവിലുണ്ട്; വ്യക്തമാക്കാമോ? | (എ) യും (ബി) യും | ആറന്മുള വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുത്തിട്ടില്ല. എന്നാൽ കെ.ജി.എസ് ആറന്മുള എയർപോർട്ട് ലിമിറ്റഡ് എന്ന പേരിലുള്ള സ്വകാര്യ കമ്പനി സ്വന്തം നിലയിൽ ഭൂമി വിലക്കുവാങ്ങുകയാണ് ഉണ്ടായത്. ടി ഭൂമിയിൽ ഭൂരിഭാഗവും നിലമാണ്. എയർപോർട്ട് സ്ഥാപിക്കുന്നതിന് വളരെയധികം നിലങ്ങൾ നികത്തേണ്ടി വരുമെന്നും ആയത് പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകും എന്നും സൂചിപ്പിച്ചുകൊണ്ട് ശ്രീമതി. സുഗതകുമാരിയും മറ്റുള്ളവരും ചേർന്ന് ബഹു. ഹൈക്കോടതിയിൽ WP(C) 6004/12 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുണ്ട്. ആയതിൽ കാര്യവിവര പത്രിക സമർപ്പിച്ചിട്ടുണ്ട്. പോലീസ് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് WP(C) 3407/12 നമ്പരായി കെ.ജി.എസ് ആറന്മുള ഗ്രൂപ്പ് നൽകിയ കേസ് കോടതിയിൽ നിലവിലുണ്ട്.<br>കെ.ജി.എസ് ആറന്മുള എയർപോർട്ട് ലിമിറ്റഡ് ശ്രീ. എബ്രഹാം കലമണ്ണിൽ ചെയർമാനായുള്ള കോഴഞ്ചേരി എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റിൽ നിന്ന് വിലയ്ക്ക് വാങ്ങിയ ഭൂമിയുടെ സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച് IA – 243/12 നമ്പരായി ശ്രീ. എബ്രഹാം കലമണ്ണിൽ പത്തനംതിട്ട മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസിൽ സർക്കാർ കക്ഷിയല്ലാത്തതും കോടതിയുടെ പരിഗണനയിലുമാണ്.<br>കൂടാതെ ശ്രീ. എബ്രഹാം കലമണ്ണിൽ ചെയർമാനായുള്ള കോഴഞ്ചേരി എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ പേരിൽ SM1/12 നമ്പരിൽ മിച്ചഭൂമി കേസ് ബുക്കുചെയ്ത് നടപടി നടന്നു വരുന്നു. ടി ഭൂമിയിൽ നല്ലൊരുഭാഗം കെ.ജി.എസ് ഗ്രൂപ്പ് വിലവാങ്ങിയതിൽപെട്ടതാണ്. |
| (ബി) | പ്രസ്തുത ഭൂമി സംബന്ധമായി ഉണ്ടായിട്ടുള്ള കേസ്സുകൾ തീർപ്പാക്കുന്നതിലേക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ